നമ്പർ ഇ.എക്സ്.എ 4/71643/2015/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, തിരുവനന്തപുരം
തീയതി: 20.02.2016

പ്രേഷിതൻ

ജോയിന്റ് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- 2016 ലെ എസ്എസ്എൽസി ഐടി പരീക്ഷാനടത്തിപ്പ് സംബന്ധിച്ച്

സൂചന:- പരീക്ഷാഭവൻ സെക്രട്ടറിയുടെ 11.01.2016 ലെ ഇ.എക്സ്.എ 4/71643/2015/ സി.ജി.ഇ നമ്പർ വിജ്ഞാപനം

എസ്എസ്എൽസി ഐടി പരീക്ഷ 2016 നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിക്കുകയും പരീക്ഷ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മിക്ക സ്കൂളുകളിലും ഐടി പരീക്ഷ ആരംഭിക്കുകയും ചില സ്കൂളുകളിൽ പരീക്ഷ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ഒരു പരീക്ഷാകേന്ദ്രത്തിലെ ഐടി പരീക്ഷാ സോഫ്റ്റ്‌വെയറിലെ ചിലചോദ്യങ്ങൾ പുറത്തായതിനാൽ അവശേഷിക്കുന്ന വിദ്യാർത്ഥികളുടെ എസ്എസ്എൽസി ഐടി പരീക്ഷ പുതുക്കിയ പരീക്ഷാ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

എസ്എസ്എൽസി പരീക്ഷാ പ്രവർത്തനങ്ങൾക്ക് സ്കൂളുകൾക്ക് ലഭ്യമാക്കിയിരിക്കുന്ന i-ExaMS വെബ്സൈറ്റിൽ, ഹെഡ്മാസ്റ്റർ ലോഗിന്റെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് itexam_update.tar.gz ഡൗൺലോഡ് ചെയ്ത് പരീക്ഷനടത്തുന്ന കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്ത് മാത്രമേ തുടർന്നുള്ള ഐടി പരീക്ഷ നടത്താൻ പാടുള്ളൂ. പരീക്ഷാസോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

താങ്കളുടെ വിദ്യാഭ്യാസ ജില്ലയിൽ എസ്എസ്എൽസി ഐടി പരീക്ഷ പൂർത്തിയാക്കാനുള്ള എല്ലാ സ്കൂളുകളിലേയും ചീഫ് സൂപ്രണ്ടിന് ഈ വിവരം അടിയന്തിര കർശനനിർദ്ദേശമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

ജോയിന്റ് കമ്മീഷണർ

ഉള്ളടക്കം

**എസ്എസ്എൽസി ഐടി പരീക്ഷ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്ന വിധം**

പകർപ്പ്

എല്ലാ എസ്എസ്എൽസി പരീക്ഷാചീഫ് സൂപ്രണ്ട്മാർക്കും

**അനുബന്ധം**

**എസ്എസ്എൽസി ഐടി പരീക്ഷ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്ന വിധം**

എസ്എസ്എൽസി പരീക്ഷാ പ്രവർത്തനങ്ങൾക്ക് സ്കൂളുകൾക്ക് ലഭ്യമാക്കിയിരിക്കുന്ന i-ExaMS വെബ്സൈറ്റിൽ, ഹെഡ്മാസ്റ്റർ ലോഗിന്റെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യുക

- ഹോംപേജിൽ ലഭ്യമാക്കിയിരിക്കുന്ന ലിങ്കിൽ നിന്ന് itexam_update.tar.gz ഡൗൺലോഡ് ചെയ്യുക.
- ഡൗൺലോഡ് ചെയ്ത itexam_update.tar.gz എന്ന ഫയൽ നിലവിൽ ഐടി പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള കമ്പ്യൂട്ടറുകളിലേക്ക് കോപ്പിചെയ്ത ശേഷം extract ചെയ്യുക.
- ഇപ്പോൾ ലഭിച്ച itexam_update എന്ന ഫോൾഡർ തുറന്ന് അതിനുള്ളിലെ install_updates.sh എന്ന ഫയലിൽ ഡബിൾ ക്ലിക് ചെയ്യുക.
- Run in terminal എന്നതിൽ ക്ലിക് ചെയ്യുക
- പാസ്‌വേഡ് നൽകാനുള്ള ബോക്സിൽ സിസ്റ്റം പാസ്‌വേഡ് (ചീഫ് എക്സാമിനറുടെ പാസ്‌വേഡ് അല്ല) നൽകുക.
- ഇൻസ്റ്റലേഷൻ പൂർത്തിയായാൽ പരീക്ഷയിൽ പങ്കെടുക്കാൻ അവശേഷിക്കുന്ന കുട്ടികളുടെ മാത്രം പരീക്ഷ നടത്തുക.
- ഐടി പരീക്ഷാനടത്തിപ്പിന് ഉപയോഗിക്കുന്ന എല്ലാ കമ്പ്യൂട്ടറുകളിലും അഡ്മിനിസ്ട്രേറ്റീവ് അധികാരമുള്ള യൂസറിൽ (default user) ഇത് ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്.
- ഐടി പരീക്ഷനടത്തുന്ന കമ്പ്യൂട്ടറുകളിൽ itexam_update.tar.gz ഇൻസ്റ്റാൾ ചെയ്ത് മാത്രമേ തുടർന്നുള്ള ഐടി പരീക്ഷ നടത്താൻ പാടുള്ളൂ.